**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 548** **13-01-2021 - ൽ മറുപടിയ്ക്ക്**

**കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | **Shri E. P. Jayarajan**<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | കൊച്ചി ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതി ആരംഭിക്കാൻ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. കൊച്ചിയിൽ തുടങ്ങി പാലക്കാട് അവസാനിക്കുന്ന മേഖലയിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഉല്പാദന മേഖലയുടെ ക്ലസ്റ്ററുകൾ (Integrated Manufacturing Clusters) രൂപീകരിക്കുന്ന പദ്ധതിയാണ് വ്യവസായ ഇടനാഴി. പ്രസ്തുത ഇടനാഴിയിൽ എല്ലാ മേഖലയിലുമുള്ള വ്യവസായ സംരംഭങ്ങൾക്ക് ക്ലസ്റ്ററുകളായി പ്രവർത്തിക്കാൻ സാധിക്കും. ഇതുവഴി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും അതുവഴി പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവസരം ഒരുക്കും. പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസിയാണ് കിൻഫ്ര. കിൻഫ്രയും വാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള National Industrial Corridor Development & Implementation Trust (NICDIT) ചേർന്ന്സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരും NICDIT യും കിൻഫ്രയും തമ്മിലുള്ള State Support Agreement (SSA), NICDIT യും കിൻഫ്രയും തമ്മിലുള്ള Share Holders Agreement (SHA) ഒക്ടോബർ 22, 2020 ന് ഒപ്പുവച്ചു. സംസ്ഥാന സർക്കാരിന്റെ (കിൻഫ്രയുടെ) 50% ഉം NICDIT യുടെ 50% ഉം പങ്കാളിത്തമുള്ള ഒരു Special Purpose Vehicle (SPV) ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയുടെ മാർക്കറ്റ് ഡിമാന്റ് അസ്സെസ്സ്മെന്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിന് ഒരു ഏജൻസിയെ NICDIT ചുമതലപ്പെടുത്തി. ഇതുമായി ബന്ധപ്പെട്ട് പഠനം നടന്നു വരുന്നു. പദ്ധതി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിന് SPV രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ചെറുതും വലുതുമായ വ്യവസായ പാർക്കുകളും വ്യവസായ ശാലകളും ഈ ഇടനാഴിയിൽ സൃഷ്ടിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | പദ്ധതിയുടെ ആദ്യഘട്ടം ഭൂമി ഏറ്റെടുക്കലാണ്. ഇതു പ്രകാരം പാലക്കാട് നോഡ് വികസിപ്പിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കൊച്ചിയിൽ ഒരു ഗിഫ്റ്റ് സിറ്റി വിഭാവനം ചെയ്തിട്ടുണ്ട്. പാലക്കാടും കൊച്ചിയിലും ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടികൾ വളരെ വേഗത്തിൽ പുരോഗമിച്ചു വരുന്നു. കാലതാമസം ഉണ്ടായിട്ടില്ല. |
| (സി) | ഇതിനായുള്ള സ്ഥലമെടുപ്പ് ഏത് ഘട്ടത്തിലാണെന്നും ഇതിനകം എത്ര ഏക്കർ സ്ഥലം ഏറ്റെടുത്തുവെന്നും വെളിപ്പെടുത്താമോ? | (സി) | വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതുപ്രകാരം പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 470 ഏക്കറും പുതുശ്ശേരി സെൻട്രൽ \| വില്ലേജിൽ 600 ഏക്കറും, ഒഴലപ്പതി വില്ലേജിൽ 250 ഏക്കറും പുതുശ്ശേരി സെൻട്രൽ II വില്ലേജിൽ 501 ഏക്കറും കണ്ടെത്തിയിട്ടുണ്ട്. മേൽ പറഞ്ഞ സ്ഥലങ്ങളിൽ എല്ലാം തന്നെ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടികൾ വേഗത്തിൽ പുരോഗമിച്ചു വരുന്നു. 'GIFT CITY' പ്രോജക്ടിനു വേണ്ടി ആലുവ വില്ലേജിലെ അയ്യമ്പുഴയിൽ 501 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടികൾ വേഗതയിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ